# ജോസഫ്

## പഴയനിയമം ഉൽപത്തി പുസ്തകം

## അദ്ധ്യായം 37 മുതൽ



സഹോദരന്മാർക്കു ജോസഫിനോടുള്ള അസൂയയും വിദ്വേഷവും അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. അവരുടെ അസൂയക്ക് മൂന്നു കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. പുരോഹിതരചനയായ 1-2 വാക്യങ്ങൾ ജോസഫ് സഹോദരങ്ങളുടെ കുറ്റങ്ങൾ പിതാവിനെ അറിയിച്ചതായി രേഖപ്പെടുത്തുന്നു. യാഹ്വിസ്റ്റ് രചനയായ 3-4 വാക്യങ്ങളിൽ പിതാവിനു ജോസഫിനോടുള്ള പ്രത്യേക സ്നേഹമാണ് സഹോദരന്മാരുടെ വിദ്വേഷത്തിനു കാരണം. കൈ നീളമുള്ള കുപ്പായം രാജകീയ വേഷമാണ്. 5-11 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയാണ്. ഇവിടെ ജോസഫിന്റെ സ്വപ്നങ്ങ ളാണ് വിദ്വേഷത്തിനു കാരണമായിത്തീരുന്നത്. ജോസഫ് വ്യാഖ്യാനമൊന്നും നല്കുന്നില്ലെങ്കിലും സഹോദരങ്ങളുടെയും മാതാപിതാക്കളുടെയും മേൽ തനിക്ക് ആധിപത്യമുണ്ടാകും എന്ന സൂചനയാണ് ഈ സ്വപ്നങ്ങൾ നൽകുന്നതെന്ന് അവർ മനസ്സിലാക്കുന്നു. സന്ദേശത്തിന്റെ പ്രാധാന്യവും സുനിശ്ചിതത്ത്വവും ഉറപ്പിക്കാൻ വേണ്ടിയാണ് രണ്ട് സ്വപ്നങ്ങൾ. ഫറവോയുടെ കാര്യത്തിലും രണ്ടു സ്വപ്നങ്ങൾ വിവരിക്കുന്നുണ്ട്. സ്വപ്നത്തിന്റെ പേരിൽ മകനെ ശകാരിച്ചെങ്കിലും യാക്കോബ് അതിനെക്കുറിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. (ലൂക്കാ, 2,51), വരാനിരിക്കുന്ന കാര്യങ്ങൾ ദൈവം മുൻകൂട്ടി അറിയിക്കുന്നു എന്നകാഴ്ചപ്പാടാണ് ഈ വിവരണത്തിലുള്ളത്.

സഹോദരങ്ങൾക്കു ജോസഫിനോടുള്ള വിദ്വേഷത്തെക്കുറിച്ച് അറിവില്ലാഞ്ഞിട്ടാവണം തന്റെ വാസസ്ഥലമായ ഹെബ്രോണിൽ നിന്ന് ഏകദേശം 100 കിലോമീറ്റർ വടക്കുള്ള ഷെക്കെമിലേക്ക് അവരുടെ ക്ഷേമം അന്വേഷിക്കാനായി ജോസഫിനെ തനിയെ പറഞ്ഞയക്കുന്നത്. ഷെക്കെമിൽ നിന്ന് ഏകദേശം 35 കിലോമീറ്റർ വടക്കാണ് ദോത്താൻ. ജോസഫ് ആരംഭത്തിലെ അപകടങ്ങൾ നേരിടുന്നതിന്റെ സൂചനയാണ് ഏകനായി വയലിൽ അലയുന്നതിന്റെ വിവരണത്തിൽ നിന്നു ലഭിക്കുന്നത്.

സഹോദരന്മാരുടെ പ്രതികരണത്തിൽ പൊരുത്തക്കേടുകളുണ്ട്. അവർ ജോസഫിനെ കൊല്ലാൻ ആഗ്രഹിച്ചെങ്കിലും കുപ്പായം ഊരിയെടുത്തിട്ട് പൊട്ടക്കിണറ്റിൽ തട്ടുകയും പിന്നീട് പൊക്കിയെടുത്ത് അടിമയായി വില്ക്കുകയും ചെയ്തു. എന്നാൽ കൊലപാതകം ഒഴിവാക്കിയത് റൂബെൻ ആണെന്ന് 21-ാം വാക്യത്തിൽ പറയുമ്പോൾ 26-ാം വാക്യത്തിൽ യൂദായാണ് ഈ ആശയം അവതരിപ്പി

ക്കുന്നത്. ജോസഫിനെ ഇസ്മായേല്യർക്കു വിറ്റെന്ന് 25.28 വാക്യങ്ങളിൽ പറയുമ്പോൾ മിദിയാൻകാർ ജോസഫിനെ മോഷ്ടിച്ചു എന്ന പ്രതീതിയാണ് 28.36 വാക്യങ്ങളിലും 40,15 ലും ലഭിക്കുന്നത്. JE പാരമ്പര്യങ്ങളിലെ രണ്ടു വിവരണങ്ങൾ സംയോജിപ്പിച്ചതാണ് ഈ പൊരുത്തക്കേടിനു കാരണമെന്നു കരുതപ്പെടുന്നു. അനുജനെ കാണാതായപ്പോൾ റൂബനും, മകൻ കൊല്ലപ്പെട്ടു എന്നു കരുതിയാക്കോബും ഉടുപ്പു വലിച്ചു കീറുന്നത് കഠിനമായ ദുഃഖത്തിന്റെ പ്രകടനമാണ്. ജോസഫിനെ ഈജിപ്തിൽ ഫറവോയുടെ കാവൽപ്പടനായകനു വിറ്റതിനെക്കുറിച്ചുള്ള പരാമർശം അടുത്ത സംഭവങ്ങൾക്കു വഴിയൊരുക്കുന്നു.

**വിചിന്തനം:** തകരുന്ന കുടുംബബന്ധങ്ങളാണ് ഈ അധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ഒരു പുത്രനോടുള്ള പിതാവിന്റെ പ്രത്യേക സ്നേഹം മറ്റു മക്കളിൽ അസൂയ ജനിപ്പിക്കുന്നു. സഹോദരന്മാരുടെ അസൂയയും വിദ്വേഷവും മൂലം ഇരുപതു വെള്ളി നാണയത്തിന് വില്ക്കപ്പെട്ട ജോസഫ് തന്റെ ഉറ്റസ്നേഹിതനാൽ 30 വെള്ളിനാണയത്തിന് ഒറ്റിക്കൊടുക്കപ്പെടുകയും തന്റെ ജനമായ യഹൂദരാൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്ത യേശുക്രിസ്തുവിന്റെ പ്രതീകമാണ്.

